അത്: അത് മാറ്റിയിട്ടുണ്ട്. തൽക്കാലത്തേക്ക് അതു മാറ്റി 31–12–1979 വരെ ആ ഓർഡർ ക്യാൻസൽ ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഞായറാഴ്ച ദിവസങ്ങളിലും പെട്രോൾ കിട്ടുന്നതാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പെട്രോളിന്റെയും ഡീസലിന്റെയും മണ്ണെണ്ണയുടെയും ക്ഷാമത്തിനുള്ള നിവാരണ നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും ഇപ്പോഴത്തെ കുറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. യഥാർത്ഥത്തിൽ ഈ ക്ഷാമം ഉണ്ടായതിന്റെ കാരണമെന്താണ്? അലോട്ട്മെന്റ് കുറഞ്ഞിട്ടാണോ, ട്രാൻസ്പോർട്ട് ഫെസിലിറ്റീസ് കുറഞ്ഞിട്ടാണോ; മേലിൽ ഇതു ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്.

ശ്രീ. ടി. എസ്. ജോൺ: അങ്ങനെ വലിയ ക്ഷാമമൊന്നും ഉണ്ടായിട്ടില്ല.

സഹകരണ നിയമത്തിൽ ഭേദഗതികൾ

*141 [151] ശ്രീ. റ്റി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നു പറയാമോ;

(ബി) ഭേദഗതി ബിൽ എന്നേക്ക് പാസ്സാക്കാൻ കഴിയും ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഭേദഗതികളുടെ നക്കൽ സഹകരണവകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ശങ്കർ: ഇപ്പോൾ പറയാൻ സാധിക്കുകയില്ലെന്ന് പറഞ്ഞു എന്താണ് എപ്പോഴത്തേക്ക് ആകുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ബേബിജോൺ: എപ്പോഴെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. അതു വളരെ വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്. 1969-ലെ നിയമമാണ്. ചിലപ്പോഴൊക്കെ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സമഗ്രമായ ഭേദഗതി ആവശ്യമാണെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഗവൺമെന്റിന് അങ്ങനെ അഭിപ്രായമുണ്ട്. അതുകൊണ്ട് വളരെ വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശങ്കർ: ഭേദഗതികൾ ആവശ്യമാണെന്നുള്ളതുകൊണ്ട് അതു പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റിനെ തന്നെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകമായി വല്ല കമ്മിറ്റിയോ പ്രത്യേകമായ ഏർപ്പാടോ വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. ബേബിജോൺ: ഡിപ്പാർട്ടുമെന്റിൽ പ്രത്യേകമായി ഒരു സെൽ ഉണ്ട്. ഡിപ്പാർട്ടുമെന്റ് മേധാവികൾ ബന്ധപ്പെട്ട മറ്റാളുകളുമായി, സഹകരണ യൂണിയൻ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുതലായവയിലെ പ്രവർത്തകൻമാർ ഇവരൊക്കെയായിട്ട് ചർച്ച ചെയ്തിട്ടാണ് ഭേദഗതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സിറിയക് ജോൺ: സഹകരണ നിയമത്തിൽ എതെല്ലാം വകുപ്പുകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ; ഉദാഹരണത്തിന് രണ്ടു ടേമിൽ കൂടുതൽ സഹകരണ സ്ഥാപനങ്ങളിൽ ഡയറക്ടർമാരായി മൽസരിക്കാൻ പാടില്ലെന്ന് നിലവിലുള്ള വ്യവസ്ഥ പരിചിതരായിട്ടുള്ള ആളുകളുടെ ഈ രംഗത്തുള്ള സേവനം തടയപ്പെടുകയാണെന്നുള്ള വസ്തുത പരിഗണിച്ച് ഈ വ്യവസ്ഥ മാറ്റുന്നതിനെ സംബന്ധിച്ചിടത്തോളം പരിഗണിക്കുമോ ?

ശ്രീ. ബേബിജോൺ: അതിനെക്കുറിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ആക്ടിലെ പല ഭാഗങ്ങൾക്കും ഭേദഗതി വേണമെന്ന് ധാരാളം അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഉദാഹരണത്തിന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് കാരണം. അതുപോലെ ഗവൺമെൻറിന് അതിനേക്കാൾ ഗൗരവതരം എന്നു തോന്നിയ ഒരു കാര്യമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സഹകരണസംഘങ്ങളിൽ നിയമനം കിട്ടുന്നില്ല. ഈ നിയമത്തിൽക്കൂടി അവർക്ക് എങ്ങനെ നിയമനം കിട്ടാൻ സാധിക്കുമെന്ന് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. ജോസഫ്: 1969-ലെ സഹകരണ നിയമത്തിന് പൂർവ്വകാല പ്രാബല്യം കൊടുത്തിട്ടില്ലാത്ത സ്ഥിതിക്ക് 1969-നു മുമ്പ് സഹകരണസ്ഥാപനങ്ങളിൽ ജോലിയുള്ള അവിടത്തെ ഉദ്യോഗസ്ഥൻമാരെ മനഃപൂർവ്വമായി പിരിച്ചയയ്ക്കുന്നതിന് ചില സഹകരണസംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ശ്രമിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള മനുഷ്യത്വരഹിതമായ നടപടികൾ ഉണ്ടാകാതിരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ബേബിജോൺ: ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല ഇങ്ങനെ വരുന്ന കേസുകളുടെ ന്യായാന്യായതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ഉദാഹരണമായിട്ട് വ്യവസായം, ക്ഷീരോൽപ്പാദനം, മൽസ്യബന്ധനം, ഹരിജൻ വെൽഫെയർ മുതലായ ഡിപ്പാർട്ടുമെൻറുകളുടെ കീഴിൽ പ്രവർത്തിക്കുന്നതായ സഹകരണസ്ഥാപനങ്ങൾ, അവ വിവിധ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആയതുകൊണ്ട് യഥാർത്ഥമായും സഹകരണ സ്ഥാപനങ്ങൾ എന്നുള്ള നിലയിൽ പ്രവൃത്തിക്കാൻ വളരെയധികം വിഷമതയുണ്ടെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഒരു രജിസ്ട്രാരുടെ കീഴിൽതന്നെ വിവിധ ഡിപ്പാർട്ടുമെൻറുകളിലെ സഹകരണസ്ഥാപനങ്ങളെല്ലാംതന്നെ കൊണ്ടുവരാനുള്ള ഭേദഗതികൂടി ഭേദഗതി നിയമത്തിൽ കൊണ്ടുവരാൻ തയ്യാറാകുമോ ?

ശ്രീ. ബേബിജോൺ; ഇപ്പോഴത്തെ നിലയിൽ ഇതു സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായമുണ്ട്. ഗുണവും ദോഷവും പറയുന്നവരുണ്ട്. ഇതിനെ സംബന്ധിച്ച് ഏതാണ് കൂടുതൽ ഫലപ്രദമായി നടത്താൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് പഠിക്കേണ്ടതുണ്ട്. അതല്ലാതെ നിയമസഭയിൽനിന്നുകൊണ്ട് എല്ലാം ഒരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കൊണ്ടുവരാൻ സാധിക്കുമെന്നു പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. എം. വി. രാഘവൻ: സഹകരണ നിയമത്തിന്റെ ഭേദഗതിക്കുറച്ചു കാലതാമസം ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കാലതാമസംകൊണ്ട് ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അതു സംബന്ധിച്ച് ആറുമാസം മുമ്പ് ഒരു ചർച്ച ആരംഭിച്ചിരുന്നു. അതിൽ വല്ല തീരുമാനവും ആയോ? പതിനായിരക്കണക്കിന് ജീവനക്കാരുടെ വേതനം സംബന്ധിച്ച വർദ്ധനവുണ്ടാക്കുന്നതിന് ഈ സഹകരണ നിയമത്തിലെ ഭേദഗതിവരെ കാത്തിരിക്കാതെ ഒരു തീരുമാനമുണ്ടാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതന സേവന വ്യവസ്ഥകളെ സംബന്ധിച്ച് ഇന്നു നിലവിലിരിക്കുന്ന നിയമത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ പ്രവൃത്തിക്കാൻ സാധിക്കും. അതുപോലെ എവിടെയെവിടെയൊക്കെ പരാതികൾ കിട്ടിയിട്ടുണ്ടോ, ആവശ്യങ്ങൾ കൂട്ടായി ഉന്നയിച്ചിട്ടുണ്ടോ അതിനൊക്കെ പരിഹാരം കാണാൻ ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ട്, ഡിസ്ട്രിക്ട്, സ്റ്റേറ്റ് ബാങ്കുകളിൽ നിന്നൊക്കെ മെമ്മോറാണ്ടങ്ങൾ വന്നപ്പോൾ അവരുടേതായ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ തന്നെ മറ്റു സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആവശ്യങ്ങൾ വന്നപ്പോൾ അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മിറ്റി ഉണ്ടാക്കിയിട്ട് അതിന്റെ തീരുമാനം വാസ്തവത്തിൽ ഗവൺമെൻറ് അംഗീകരിക്കുകയാണ് ചെയ്തത്. അതിന്റെ ഗുണദോഷങ്ങൾ പോലും നോക്കാതെ ഒരു യൂനാനിമസ് റിപ്പോർട്ട് എന്ന നിലയിൽ ഗവൺമെൻറ് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ഒ. ലൂക്കോസ്: കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഗണിച്ച് നമ്മുടെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷേ സഹകരണസംഘങ്ങളിലെ നിയമനത്തിൽ 32 വയസ്സു കഴിഞ്ഞാൽ നിയമിക്കാൻ പാടില്ലെന്നുതന്നെയാണ് ഇപ്പോഴുമുള്ളത്. അതുകൊണ്ട് പല ആളുകൾക്കും ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ മാറ്റം വരുത്താൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ രീതിയിൽ ഞാൻ ഇതു കാണുന്നില്ല. പക്ഷേ ഗവൺമെൻറ് പ്രായപരിധി വർദ്ധിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രായപരിധി വർദ്ധിപ്പിക്കാനുള്ള ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡുകളിലേക്ക് ഗവൺമെൻറ് നോമിനികളായി അനുദ്യോഗസ്ഥൻമാരെ നിയമിക്കുന്ന ഏർപ്പാടു നിറുത്തലാക്കി അതിനുപകരം ഡയറക്ടർ ബോർഡുകളിൽ ഗവൺമെൻറുദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുള്ള ഒരു ഭേദഗതി പുതിയ ഭേദഗതി നിയമത്തിൽ കൊണ്ടുവരാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഏതെല്ലാം ഭേദഗതികൾ കൊണ്ടുവരാൻ സാധിക്കുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ചിലപ്പോൾ അനുദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടിവരും. ചിലപ്പോൾ ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടിവരും, അത് പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കും.

ശ്രീ. സി. എ. കുര്യൻ: എറണാകുളം ഡിസ്ട്രിക്ട് കൺസ്യൂമർ സൊസൈറ്റിയിലെ ഭാരവാഹികളും അവിടത്തെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന തൊഴിലാളി സംഘടനകളും ചേർന്ന് ജോയിൻറ് ലേബർ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണറുടെ മുമ്പാകെയുള്ള എഗ്രിമെൻറ് നടപ്പാക്കരുതെന്ന് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ചുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ നിർദ്ദേശിക്കുമോ ?

ശ്രീ. ബേബിജോൺ: ചില തീരുമാനങ്ങൾ സംബന്ധിച്ച് അതു നടപ്പാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എവിടെയൊക്കെയാണെന്നു പറയാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. അതിനു കാരണമുണ്ട്. ചില വ്യവസ്ഥകളുണ്ട്. ഇപ്പോൾ തന്നെ തീരുമാനമെടുക്കാൻ സാധിക്കും. മുൻകൂട്ടി തീരുമാനം സംബന്ധിച്ച് രജിസ്ട്രാരുടെ അനുവാദം വാങ്ങണമെന്നുള്ള നിർദ്ദേശമുണ്ട്, എന്തൊക്കെയാണെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെയുള്ള നിർദ്ദേശമൊന്നും വകവയ്ക്കാതെ എടുക്കുന്ന തീരുമാനങ്ങൾ സംബന്ധിച്ച് കൂടുതൽ കൂലംകഷമായി പഠിക്കാതെ തീരുമാനമെടുത്താൽ അംഗീകാരം കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. വാസ്തവത്തിൽ കുറെ ബുദ്ധിമുട്ടുണ്ടാക്കപ്പെടുന്ന ഏർപ്പാടുകളും ഉണ്ട്. അതുകൊണ്ടാണ് ഒരു ഏകീകൃതസ്വഭാവം ഇതിൽ വേണമെന്നു പറയുന്നത്.

ശ്രീ. കല്ലട നാരായണൻ: സഹകരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് സഹകരണബാങ്കിലും മറ്റും നിയമനം നടത്തുന്നത് അതിന്റെ ബോർഡാണ്. ഗവൺമെൻറിൽനിന്നും സംവരണതത്വം പാലിച്ചുകൊണ്ട് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അതു സ്വീകരിക്കാതെ വളരെ അവിഹിതമായി നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ നിയമനങ്ങൾ നടത്തുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ ആവശ്യമായ ഭേദഗതി വരുത്തുന്നതിനെപ്പറ്റി പരിഗണിക്കുമോ ?

ശ്രീ. ബേബിജോൺ: ഞാൻ മുൻപ് ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. പ്രധാനമായി ഒരു സർക്കുലർ ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ട്; ഹരിജനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രാതിനിദ്ധ്യം നൽകണമെന്നതിനെ സംബന്ധിച്ച്. ഇതു ഫലപ്രദമായി നടക്കുന്നില്ല. അപ്പോൾ പിന്നെ പുതിയ നിയമനിർമ്മാണം ആവശ്യമായി വരും. അതെങ്ങനെ എന്നുള്ളതിനെസംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. പി. ബി. ആർ. പിള്ള: സഹകരണമേഖലയിൽ ഇന്നു 3 ടയർ സിസ്റ്റം നിലവിലുണ്ട്. ഈ 3 ടയർ സിസ്റ്റം നിലവിലുള്ളതുകൊണ്ട് സാധാരണക്കാരായ ആളുകൾക്കും കൃഷിക്കാർക്കും വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട് എന്നുള്ള വസ്തുത ഗവൺമെൻറ് മനസ്സിലാക്കിക്കൊണ്ട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് എന്നു പറയുന്ന സ്ഥാപനം ഇല്ലാതാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമെന്നു ഉറപ്പു തന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഇനി വൈകാതെ കൃഷിക്കാരുടെ തലയിൽ അമിതമായ പലിശ കെട്ടിവയ്ക്കുന്നതിനിടയാക്കുന്ന ജില്ലാ സഹകരണ ബാങ്ക് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബേബിജോൺ: പലിശയ്ക്ക് ഒരു സഹായം നൽകാനുള്ള നടപടി ഗവൺമെൻറ് കഴിഞ്ഞ നിയമസഭയിൽതന്നെ പ്രഖ്യാപിച്ചു കഴിഞ്ഞു. 3 ടയർ വേണമോ 2 ടയർ വേണമോ എന്നുള്ളതിനെ സംബന്ധിച്ച വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ഇതിനെ സംബന്ധിച്ച് വിദഗ്ധൻമാരെക്കൊണ്ടു ഒരു പഠനം നടത്തിയിട്ടുണ്ട്. കുറേക്കാലം 3 ടയർ സിസ്റ്റം തുടരട്ടെ, പിന്നീട് അതിനെ സംബന്ധിച്ച് പരിശോധിച്ച് ഭേദഗതി ആവശ്യമാണെങ്കിൽ വരുത്താമെന്ന് ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ കുറെക്കാലത്തേക്കു അത് അങ്ങനെ തുടരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: 1976-ൽ എറണാകുളത്തുവച്ചു ചേർന്ന സഹകരണ കോൺഗ്രസ് സഹകരണനിയമത്തിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അത് ഗവൺമെൻറിനു സമർപ്പിക്കുകയും ചെയ്തിരുന്നു. അതു ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്രയും കാലമായിട്ടും പരിഗണിക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. ബേബിജോൺ: അന്നത്തെ കോൺഫറൻസിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന; പുനഃപരിശോധനചെയ്യണമെന്നും ഭേദഗതി ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങൾ ഗവൺമെൻറ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: ഈ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി കഴിഞ്ഞ വർഷം സഹകാരികളിൽനിന്നും വിശദമായ തെളിവെടുപ്പുകൾ നടത്തിയശേഷം സമർപ്പിച്ച ചട്ടങ്ങളിൽ പ്രായോഗികമായി വരുത്തേണ്ട നിർദ്ദേശങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ച് അതിനനുസരിച്ച് ഈ നിയമത്തിൽ ഭേദഗതി വരുത്താൻ ആലോചിക്കുമോ ?

ശ്രീ. ബേബിജോൺ: സ്വാഭാവികമായും ഭേദഗതികളെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ഈ വിലപ്പെട്ട നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടു തന്നെയായിരിക്കും തീരുമാനമെടുക്കുന്നത്.

താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കൽ

[*142] [152] ശ്രീ. സിറിയക് ജോൺ:

,, കല്ലട നാരായണൻ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയിട്ടും ഇതേവരെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകൾ പുതുതായി രൂപീകരിച്ച പ്രദേശങ്ങളിൽ പുതിയ വില്ലേജുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) (ബി) (സി) (ഡി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനമൊന്നും ഇതേവരെ എടുത്തിട്ടില്ല. 1981-ലെ കാനേഷുമാരിയെ സംബന്ധിച്ച ജോലികൾ നടന്നുകൊണ്ടിരിക്കുന്ന സമയമാണിത്. അതിന്റെ സുഗമമായ നടത്തിപ്പിനു വിഘാതം വരുമെന്നുള്ളതിനാൽ 1981 ജൂൺ വരെ താലൂക്ക്, വില്ലേജ് മുതലായവകളുടെ അതിർത്തികളിൽ മാറ്റങ്ങൾ വരുത്തരുതെന്നുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly